**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 194** **07-06-2021 - ൽ മറുപടിയ്ക്ക്**

**കായംകുളം താലൂക്കാശുപത്രിയുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | Smt Veena George<br>(ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| (എ) | കായംകുളം താലൂക്കാശുപത്രിയുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടി കിഫ്ബി വഴി അംഗീകാരം ലഭിച്ച പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ; | (എ) | കായംകുളം താലൂക്കാശുപത്രിയുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കിഫ്ബി പദ്ധതി യിൽ ഉൾപ്പെടുത്തി ബഹു നില കെട്ടിടം, അത്യാധുനിക ആശുപത്രി ഉപകരണങ്ങൾ, ഫർണ്ണിച്ചറുകൾ മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്കായി സ്പെഷ്യൽ പർപ്പസ് വെഹി ക്കിൾ തയ്യാറാക്കിയ വിശദമായ പ്രൊജക്ട് റിപ്പോർട്ട് പരിശോധിച്ച് കിഫ്ബി 45.67 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ ക്ഷണിക്കുകയും തുടർന്ന് വർക്ക് ഒ‌ാർഡർ നൽകുകയും ചെയ്തിട്ടുണ്ട്. ആയതിന് എഗ്രിമെന്റ് വെച്ച് നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഈ പദ്ധതിയിൽ ഏതെല്ലാം പ്രവൃത്തികളാണ് ഉൾപ്പെട്ടിട്ടുള്ളത് എന്നും, പഴയ കെട്ടിടങ്ങൾ പൊളിച്ച് മാറ്റുന്നതിന് (കെ.എച്ച്.ആർ. ഡബ്ല്യൂ എസ്. പേ വാർഡ് ഉൾപ്പെടെ) സ്വീകരിച്ചിട്ടുള്ള നടപടികളുടെ പുരോഗതി എന്തെന്നും വിശദമാക്കാമോ? | (ബി) | ഐ .പി ബ്ലോക്ക് ഉൾപ്പെട്ട ബഹുനില കെട്ടിടനിർമ്മാണം, അതിന്റെ അടിസ്ഥാന സൗകര്യങ്ങൾ അത്യാധുനിക ആശുപത്രി ഉപകരണങ്ങൾ, ഫർണ്ണിച്ചറുകൾ എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ടി ബഹു നില കെട്ടിടത്തിന്റെ നിർമ്മാണ സ്ഥലത്ത് സ്ഥിതി ചെയ്യുന്ന പഴയ കെട്ടിടങ്ങൾ പൊളിച്ചു മാറ്റുന്നതിന് സമർപ്പിച്ച സർവ്വേ റിപ്പോർട്ടിൻമേൽ ഡിസ്മാന്റലിംഗ് എസ്റ്റിമേറ്റിൻ മേലുള്ള അപാകതകൾ പരിഹരിച്ച് എസ്റ്റിമേറ്റ് പുന സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. നിലവിലുള്ള പേവാർഡ് കെട്ടിടം പൊളിക്കാതെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താവുന്ന കാര്യം പരിഗണിക്കുകയോ മാസ്റ്റർ പ്ലാനിൽ പേവാർഡിന് കെട്ടിട സൗകര്യം ഏർപ്പെടുത്തുകയോ ചെയ്യണമെന്ന് കെ.എച്ച്.ആർ. ഡബ്ല്യു.എസ് മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഇതിന്മേൽ തുടർ നടപടികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ